ശിവസങ്കല്പസൂക്തം

യജുർവേദം 34–ാം അധ്യായം 1 മുതൽ 6വരെമന്ത്രങ്ങൾ

ഓങ്കാരത്തോടെ മന്ത്രമാരംഭിക്കണം

1 യജ്ജാഗ്രതോ ദൂരമുദൈതി ദൈവം തദു സുപ്തസ്യ
തഥൈവൈതി । ദൂരംഗമം ജ്യോതിഷാം ജ്യോതിരേകമ്
തന്മേമനഃ ശിവ സങ്കല്പമസ്തു॥

2 യേന കർമാണ്യപസോ മനീഷിണോ യജ്ഞേ
കൃണ്വന്തിവിദഥേഷു ധീരാഃ । യദപൂർവം യക്ഷമന്തഃപ്രജാനാമ്
തന്മേമനഃ ശിവസങ്കല്പമസ്തു॥

3 യത്പ്രജ്ഞാന മുതചേതോ ധൃതിശ്ചയജ്ജ്യോതിരന്തരമൃതമ്
പ്രജാസു। യസ്മാന്ന ഋതേ കിഞ്ചന കർമ ക്രിയതേ
തന്മേ മനഃ ശിവസങ്കല്പമസ്തു॥

4 യേനേദം ഭൂതം ഭുവനം ഭവിഷ്യത്പരിഗൃഹീത
മമൃതേന സർവമ്। യേനയജ്ഞസ്തായതേ സപ്തഹോതാ
തന്മേമനഃ ശിവസങ്കല്പമസ്തു॥

5 യസ്മിൻഋചസാമയജൂꣳഷി യസ്മിൻപ്രതിഷ്ഠിതാ
രഥനാഭാവിവാരാഃ। യസ്മിꣳശ്ചിത്തꣳസർവമോതം
പ്രജാനാം തൻമേമനഃ ശിവസങ്കല്പമസ്തു॥

6 സുഷാരഥിരശ്വാനിവയൻമനുഷ്യാന്നേനീയതേഽഭീ:
ശുഭിർവാജിന ഇവ। ഹൃത്പ്രതിഷ്ഠം യദജിരം ജവിഷ്ഠം
തന്മേമനഃ ശിവസങ്കല്പമസ്തു॥

പ്രയോജനം

യജുർവേദം (വാജസനേയീസംഹിത) 34–ാം അധ്യായത്തിലെ ആദ്യത്തെ ആറു മന്ത്രങ്ങളാണിവ. വേദവാണിയെ ശ്രേഷ്ഠം, ശ്രേഷ്ഠമല്ലാത്തതു് എന്നിങ്ങനെ തരം തിരിക്കാൻ സാധ്യമല്ലെങ്കിലു, പ്രചുരമായ പ്രയോഗം കാരണം ചില സൂക്തങ്ങൾ പെട്ടെന്നു് ഓർമ്മയിൽ വരും. അത്തരം സൂക്തങ്ങളിലൊന്നാണു് ശിവസങ്കല്പം. തിരക്കേറിയ ദൈനിക കർമാനുഷ്ഠാനങ്ങൾക്കശേഷം ശരീരത്തിനും മനസിനും വിശ്രമം നൽകാൻ ഉറക്കത്തിനുപോകുന്ന വിദ്യാർഥികൾക്കും ഗൃഹസ്ഥനും സ്വസ്ഥമായിരിക്കുന്നവർക്കും സന്ന്യാസികൾക്കും സ്ത്രീപുരുഷഭേദമെന്യേ, ജാതിമതഭേദമെന്യേ ചൊല്ലി മനനം ചെയ്യാൻ വേണ്ടിയുള്ളതാണു് ഈ സൂക്തം. സ്വസ്ഥമായിരിക്കുമ്പോഴും മനസിനു ദുഃഖമുള്ളപ്പോഴും ഈ സൂക്തത്തിലെ മന്ത്രങ്ങളുടെ അർഥം മനനം ചെയ്താൽ അളവില്ലാത്ത ശാന്തിഭാവം ഹൃദയത്തിൽ തിരതല്ലും. ഇതാണു് ഈ സൂക്തത്തിന്റെ പ്രയോജനം.

സങ്കല്പം

മംഗളപ്രദമായതിനെയെല്ലാം അമംഗളകരമാക്കുന്ന വിചാരധാരകളുടെ വലയമാണെങ്ങും. ശുഭസങ്കല്പമായതിനൊന്നും സ്ഥാനമില്ല. അനർഹരായവർ അധർമത്തിലൂടെ ഐശ്വര്യം നേടുന്നു. കൊള്ളക്കാർ സ്തുതിക്കപ്പെടുന്നു. ഈശ്വരപ്രദത്തമായ ആഹാരം, പ്രാണികൾക്കു വിലക്കുന്ന കറുത്ത ചന്തകൾ പെരുകുന്നു. അറിവിനും ശ്രേഷ്ഠതയ്ക്കും എങ്ങും സ്ഥാനമില്ല എങ്ങും സ്വാർഥത വിഷം വമിക്കുന്നു. ഭ്രാന്ത സങ്കല്പങ്ങളിൽ നിന്നു് അജ്ഞാനതിമിരം പരക്കുന്നു. എന്റെ മനസേ! ഇവയിൽ നിന്നെല്ലാം എന്നെ ദൂരെകൊണ്ടുപോവുക. ഊണിലും ഉറക്കത്തിലും എല്ലാം അസ്ഥിരമായ നീ എത്ര കണ്ടു ശക്തിമാനാണെന്നോ? നീ നശിക്കുന്നോ? വളരുന്നോ? നിന്നിലെ അത്ഭുതകരമായ ശക്തി നിന്നെയും ലോകത്തിനെയും വളർത്തുകയും തളർത്തുകയും ചെയ്യും. സ്വാഭാവികമായി വളർച്ചയാഗ്രഹിക്കുന്ന നീ മംഗളപ്രദായകനാകണം. ശിവസങ്കല്പം മാത്രമേ നിനക്കു സ്ഥിതിയും വൃദ്ധിയും അരുളുകയുള്ളു. ശിവസങ്കല്പമസ്തു ശിവസങ്കല്പമസ്തു.

ഭാഷ്യം

1 (യത്ജാഗ്രതഃ) ഉണർന്ന അവസ്ഥയിൽ (ദൂരം ഉദൈതി) ദൂരെ ദൂരെ ഓടിപ്പോകുന്ന (സുപ്തസ്യതഥൈവ) ഉറക്കത്തിലും അപ്രകാരം ഓടിപ്പോകുന്നതായ (തത്) അത് (ദൂരംഗമം) ദൂരെ ദൂരെ എത്തിച്ചേരുന്ന (ജ്യോതിഷാം ജ്യോതിഃ) ജ്യോതിസിന്റേയും ജ്യോതിസ്വരൂപമാകുന്നു. (ഏകം) ഒന്നുമാത്രമായ (ദൈവം മേ മനഃ) ദൈവിക ശക്തിയാൽ യുക്തമായ എന്റെ മനസ് (ശിവസങ്കല്പം അസ്തു) ശുഭസങ്കല്പമയമാകട്ടെ.

[അന്വയാർഥമാണു് കൊടുത്തിരിക്കുന്നതു്.] മനസ് ഉണർന്നും സ്വപ്നം കണ്ടും ഉറങ്ങിയും ദൂരെ ദൂരെ ഓടുന്നു. പായുന്നു. അത് കുറച്ചു സമയം പോലും സ്ഥിരമായിരിക്കുന്നില്ല. സദാ ചഞ്ചലമാണതു്. പക്ഷേ അതിനുള്ളിൽ അത്ഭുതകരമായ ദിവ്യ ബലം വർത്തിക്കുന്നു. ആ മനസ് അത്യന്ത ശക്തിയുക്തവും വേഗമേറിയതും തേജസിനെ പ്രകാശിപ്പിക്കുന്നതുമാണു്. നീ ശുഭ സങ്കല്പത്തിലമരട്ടെ. അല്ലെങ്കിലീ ബലം മനുഷ്യരെ നശിപ്പിക്കും, അതു പാടില്ല.

2 (യേന അപസഃ) ഏതൊരു മനസിനാൽ ധീരന്മാരും പുരുഷാർഥികളുമായോർ (ധീരാഃ) ബുദ്ധിമാന്മാരായോർ (മനീഷിണഃ) മനസിനെ സംയമിക്കുന്നോർ (യജ്ഞേ) സൽകർമങ്ങളിലും (വിദഥേഷു) യുദ്ധങ്ങളിലെല്ലാം പോലും (കർമാണി കൃണ്വന്തി) കർമം ചെയ്യുന്നുവോ (തത് മേ മനഃ) അതു് എന്റെ മനസിൽ (ശിവസങ്കല്പമസ്തു) ശുഭസങ്കല്പ യുക്തമാകമാറാകട്ടെ.

മനസാണു് കർമത്തിന്റെ കടിഞ്ഞാണു്. യുദ്ധത്തിലും സമാധാനത്തിലും ഒരുപോലെ യുക്തമായ വിരുദ്ധ കർമം ചെയ്യുന്നത് മനസാണു്. മനോവൃത്തിയ്ക്കനുസൃതമാണു് കർമമെന്നു് ഇതിൽ നിന്നു തെളിയുന്നു. ഈ മഹാശക്തിശാലിയായ മനസ് ജനങ്ങളിൽ അന്തഃകരണത്തിന്റെ സ്ഥാനത്തിൽ സ്ഥിതി ചെയ്യുന്നു. ഈ മനസ് എപ്പോഴും ശുഭമായതിനെ മാത്രം സങ്കല്പ

ക്കട്ടെ. എങ്കിലേ നിർദ്ദോഷകർമങ്ങളനുഷ്ഠിക്കാനാവൂ. അന്യഥാ ദോഷം ചെയ്ത മനുഷ്യനേയും ദുഷ്ടനാക്കുന്നതാണ് ഈ മനസ്. മനസേ! നീ ശിവസങ്കല്പത്തോടു കൂടിയതായാലും.

3 (യത്) എന്റെ മനസ് (പ്രജ്ഞാനം ഉത) ജ്ഞാനം (ചേതഃ) ചിന്താശക്തി (ധൃതിഃ) എന്നിവയാൽ യുക്തവും, (പ്രജാസു അംതഃ) പ്രജകളിൽ (അമൃതം) അമൃതവും (ജ്യോതിഃ) തേജോ രൂപവും ആണ്. (യസ്മാത് ഋതേ) ഈ മനസില്ലെങ്കിൽ (കിഞ്ചനകർമ) ഒരു കർമവും (നക്രിയതേ) ചെയ്യാനാവില്ല. (തത് മേ മന: ശിവസങ്കല്പമസ്തു) കർമത്തിൽ എന്റെ മനസ് ശുഭസങ്കല്പമിയന്നതാകട്ടെ.

മനസിൽ അറിവും ചിന്തയും ധൈര്യവും ശക്തിയുടെ രൂപത്തിൽ മരുവുന്നു. ഈ മനസാണ് പ്രജകളുടെ ശക്തിയും അമൃതവും തേജസും. ഈ ശക്തികളില്ലാത്ത മനസിനാൽ കരണീയമെന്ത്? സർവകർമങ്ങളും മനസിന്റെ ക്രിയകളാണ്. അതിനാൽ എന്റെ മനസേ! നീ ശിവസങ്കല്പമിയന്നതാകുക. വിജയവുംപരാജയവും നിന്റെ പ്രതിഭാസങ്ങളത്രേ. എങ്കിലും നീ സത്യമാണ്. നീയില്ലാത്ത ഞാൻ എന്തൊന്നുണ്ടോ? ശിവസങ്കല്പമസ്തു!

4 (യേന അമൃതേന) ഈ അമൃതരൂപിയായ മനസ് ഭൂതം, ഭാവി, വർത്തമാനം (സർവം) ഇവയെല്ലാം (പരിഗൃഹീതം) സ്വീകരിച്ചിരിക്കുന്നു, അറിഞ്ഞിരിക്കുന്നു. (യേന സപ്തഹോതാ യജ്ഞഃ) ഏതൊരു മനസുകൊണ്ട് സപ്തർഷികൾ യജ്ഞം ചെയ്യുന്നുവോ (തായതേ) യജ്ഞവിസ്താരം ചെയ്യുന്നുവോ (തന്മേ മനഃ ശിവസങ്കല്പമസ്തു) ആ മനസ് എന്നിലുണ്ട്. അത് ശിവസങ്കല്പമയമാകണേ.

ത്രികാലങ്ങളിലും ഉണ്ടാവുന്നതെല്ലാം മനസിനാൽ അറിയപ്പെടുന്നു. ഉണ്ടായവയെല്ലാം മനസിനധീനമാണ്. മനസ് ശ്രേഷ്ഠമായതാണെന്ന താത്പര്യം. ജ്ഞാനേന്ദ്രിയങ്ങളഞ്ചും അഹങ്കാരവും ബുദ്ധിയും സപ്തർഷികളാണ്. അവ ജീവിത യജ്ഞത്തെ പരിപാലിക്കുന്നു. വിസ്തരിക്കുന്നു. അവയെല്ലാം മനസിനെ അധിഷ്ഠാനമാക്കി വർത്തിക്കുന്നവയാണ്. പ്രപഞ്ചസൃഷ്ടിപോലും പരമാത്മാവിന്റെ ഇംഗിതമാകുന്ന മന:ശക്തി, ഉണ്മയായ പ്രകൃതിയിൽ പ്രവർത്തിച്ചതിന്റെ ഫലമാണ്. മനസ് എല്ലാ കാര്യങ്ങളുടെയും കർത്താവായ ഇന്ദ്രിയങ്ങളുടെ പ്രധാന പ്രവർത്തകനാണ്. ആ മനസ് ശിവസങ്കല്പമായില്ലെങ്കിൽ പിന്നെ? അശുഭങ്ങളേവരൂ. അതുണ്ടാവാതെ ശിവസങ്കല്പം സദാ വർദ്ധിക്കുമാറാകട്ടെ.

5 (യസ്മിൻ) ഏതൊരു മനസിലാണോ (ഋചഃ സാമഃയജൂംഷി) ഋഗ്വേദം, സാമവേദം, യജുർവേദം, അഥർവവേദം എന്നിവ (രഥനാഭാ ഇവ) രഥ ചക്രത്തിന്റെ നാഭിയിൽ ആരക്കാലുകളെന്നതുപോലെ (പ്രതിഷ്ഠിതാ) ഉറച്ച് സ്ഥിരമായിരിക്കുന്നുവോ (പ്രജാനാം ചിത്തം) പ്രാണികളുടെ ചിത്തം (യസ്മിൻ ഓതം) ഏതൊന്നിൽ സർവത്രവ്യാപിച്ചു വർത്തിക്കുന്നുവോ (തന്മേ മന: ശിവസങ്കല്പമസ്തു.) എന്റെ മനസ് അതിൽ ഉറച്ച് ശിവസങ്കല്പഭരിതമാകട്ടെ.

കാലവർണ്ണന

[അഥർവവേദം 19–53–2 മുതൽ 9 വരെയും 19–54–3 വരെയും]

വ്യാഖ്യാനം: പണ്ഡിത ദാമോദരസാതവേളകർ

1. സപ്ത ചക്രാൻ വഹതികാല ഏഷ സപ്താസ്യനാഭീരമൃതംന്വക്ഷഃ। സഇമാവിശ്വാ ഭുവനാന്യഞ്ജത് കാലഃ സഈര്യതേ പ്രഥമോനു ദേവഃ॥ [ഏഷകാല:] ഈ കാലം [സപ്തചക്രാൻ വഹതി] ഏഴുചക്രങ്ങളെ കറക്കുന്നു. [അസ്യ സപ്ത നാഭീഃ] ഈ ചക്രങ്ങൾക്ക് ഏഴ് മധ്യമുണ്ട്. [അക്ഷഃ അമൃതം] ഇവയുടെ അക്ഷം അമരത്വമാണ്. (സഇമാ വിശ്വാഭുവനാനി) അത് ഇക്കാണായ സകല ഭുവനങ്ങളേയും (അഞ്ജത്) പ്രകടമാക്കുന്നു. (പ്രഥമോനു ദേവ:) ഈ ഒന്നാം ദേവൻ (ഈര്യതേ) എല്ലാം നടത്തുന്നു.

2. കാലോ/മൂം ദിവമജനയത് കാല ഇമാഃ പൃഥിവീരുതഃ। കാലോഹ ഭൂതം ഭവ്യം ചേഷിതം ഹവിതിഷ്ഠതേ॥ (കാലോ അമൂം ദിവം) കാലം ദേവലോകത്തെ (അജനയത്) സൃഷ്ടിച്ചു. (കാലോ ഇമാ പൃഥിവീരുത:) കാ

ശേഷം 115–ാം പേജിൽ തുടരുന്നു........

മനസിനുള്ളിൽ സമ്പൂർണ വേദവും എല്ലാ ശാസ്ത്രങ്ങളും എല്ലാ ഇതര അറിവുകളും ഊടുംപാവും പോലെ വ്യാപിച്ചു നിറഞ്ഞിരിക്കുന്നു. ജ്ഞാനിയുടെ മനസ് എപ്പോഴും സമ്പൂർണമാണ്. മനസിന്റെ ശക്തിയിൽ എല്ലാം തെളിയുന്നു. അഭിജ്ഞരായവർ മനനം ചെയ്ത് സത്യത്തെ സാക്ഷാല്ക്കരിക്കുന്നു. ഈ മനസിൽ സദാ ശിവസങ്കല്പം വർദ്ധിക്കുമാറാകട്ടെ.

6 എപ്രകാരം (സുഷാരഥി) ഉത്തമനായ സാരഥി (അശ്വാൻ ഇവ) കുതിരകളെ നയിക്കുന്നുവോ (യത് മനുഷ്യാൻ) മനുഷ്യരുടെ ഇന്ദ്രിയങ്ങളാകുന്ന കുതിരകളെ (ആഭീ ശുഭിഃ) കടിഞ്ഞാണിട്ട് അതുപോലെ നയിക്കുന്നതും (ഹൃത് പ്രതിഷ്ഠം) ഹൃദയത്തിൽ പ്രതിഷ്ഠിതമായതും (യത് അജിരം) ജരബാധിക്കാത്തതും (ജവിഷ്ഠം) വേഗമേറിയതുമായ (തത് മേ മനഃ ശിവസങ്കല്പമസ്തു) ആ മനസ് അത്യുത്തമമായ ശിവസങ്കല്പമയമാകട്ടെ.

രഥത്തിന്റെ സാരഥി കുതിരകളെ നയിക്കുന്നതുപോലെ മനസാകുന്ന സാരഥി ഇന്ദ്രിയാശ്വങ്ങളെ നയിക്കുന്നു. അതുകൊണ്ട് സാരഥിയുടെ സങ്കല്പം ശുഭമേർന്നതാകണം. അന്യഥാ കുതിരകൾ അപഥ സഞ്ചാരം ചെയ്യുകയും. യാത്ര ക്ലേശഭൂയിഷ്ഠമാവുകയുമായി. ഹൃദയത്തിൽ വസിച്ച് അനന്തമായ ഗതിവേഗത്തോടെ സഞ്ചരിക്കുന്ന മനസേ നീ മംഗളപ്രദമായ സങ്കൽപങ്ങളുള്ളതാകണം. ഉന്നതിപഥത്തിലേക്കുള്ള ഏക മാർഗം ഇതു മാത്രമാണ്.

[ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ] ആധി ഭൗതികവും ആധി ദൈവികവും ആധ്യാത്മികവുമായ ദുഃഖങ്ങളിൽ നിന്ന് ശിവസങ്കൽപയുക്തമായ ശാന്തി എനിക്കു കൈവരട്ടെ. ***

ഭാഷ്യകാരൻ: നരേന്ദ്രഭൂഷൺ